## സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂൾ

## ചങ്ങനാശ്ശേരി

# ANNE'S LUMEN

# 2019

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിലെ ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം ഫലപ്രദമായി വർദ്ധിപ്പിക്കുന്നതിനുമായി സാങ്കേതിക വൈദഗ്ദ്യമുള്ള ഒരു സംഘം വിദ്യാർത്ഥികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിനായി 2018 ജനുവരി മാസത്തിൽ നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി ആരംഭിച്ചു 8-ാം ക്ലാസിൽ നിന്നും പ്രത്യേക അഭിരുചി പരീക്ഷ നടത്തി നിശ്ചിതയോഗ്യതയുള്ള കുട്ടികളാണ് നിലവിൽ അംഗങ്ങളായുള്ളത്. എല്ലാ ബുധനാഴ്ചകളിലും ഒരോമണിക്കൂർ നേരം ഭാഷാ കംപ്യൂട്ടിങ്ങ്, ഗ്രാഫിക്സ്, മൾട്ടിമീഡിയ, ഡോക്യൂമെന്റേഷൻ, കംമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ്പ്, ഇന്റെർ നെറ്റ് എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ കൈറ്റ് മാസ്റ്റേഴ്സായ ശ്രീ സോണി, സി. ഷാന്റി ഡി. എസ്. എഫ്. എസ്. എന്നിവരുടെ നേതൃത്വത്തിൽ പരിശീലനം നടത്തിവരുന്നു. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കൈറ്റ്സ് വിദ്യാർത്ഥിനികൾ തയ്യാറാക്കിയ ആൻസ് ലൂമൻ എന്ന ഡിജിറ്റൽ മാഗസിൻ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

## എഡിറ്റോറിയൽ ബോർഡ്

അഞ്ചലി ഗോപിനാഥ്

പവിത്ര അനിൽകുമാർ

മെറിൻ ബെന്നി

ആനന്ദവല്ലി

**ഉള്ളടക്കം**


| |
|---|
| നിശാഗന്ധി..... |
| പ്രപഞ്ചം |
| ജീവിതം |
| ശാസ്ത്ര പ്രശ്നോത്തരി |
| അമ്മ മലയാളം... |
| ദൈവത്തിൻെറ സ്വന്തം നാടായ കേരളം |
| അമ്മയും കുഞ്ഞും.. |
| ഗാന്ധിജി |
| അലക്സാൻഡ്രിയുടെ കഥ |
| ചോദ്യങ്ങളും ഉത്തരങ്ങളും |
| ഗുരുവന്ദനം |
| *വേർപിരിയൽ...* |
| *വയലാർ...* |
| *കുഞ്ഞുണ്ണിക്കവിത...* |
| മതിലേരിക്കന്നി |
| സൂത്രക്കാരൻ കുറുക്കൻ |
| ചങ്ങനാശ്ശേരിയുടെചരിത്രവും പാരമ്പര്യവും |
| ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട് |
| വിട |

## സെന്റ് ആൻസ് സ്കൂൾ ചരിത്രപഥത്തിലൂടെ...

1913-മെയ് 19 ന് സെന്റ് ആൻസ് ഹയർ സെക്കന്ററി സ്കൂൾ ഒരു എൽ. പി സ്കൂൾ പ്രവർത്തനം ആരംഭിച്ചു . 1888-ൽ അഭിവന്ദ്യ ലവീഞ്ഞ് പിതാവിന്റെ അനുഗ്രഹാശിസുകളോടെ സ്ഥാപിതമായ ഫ്രാൻസിസ്കൻ ക്ളാരിസ്റ്റ് കോൺഗ്രിഗേഷൻ വിദ്യാഭ്യാസ രംഗത്തേയ്ക്കു
കടന്നുവന്നത് 1913-ലാണ്. അനാഥസംരക്ഷണവും ആതുരശുശ്രൂഷയും കാരിസമായി സ്വീകരിച്ചു പ്രവർത്തിച്ചുവന്ന ക്ലാരസഭക്കാർ 1910-ൽ കുട്ടികൾക്കായി ഒരു കളരി ആതുരശ്രൂഷയും കാരിസമായി സ്വീകരിച്ചു പ്രവർത്തിച്ചുവന്ന ക്ലാരസഭക്കാർ ആ സേവനം ഏറ്റെടുത്തു.

സി.എം.ഐ. സഭക്കാർ ചെത്തിപ്പുഴ കൊവേന്തയിൽ ഒരു വിദ്യാലയം നടത്തിവന്നിരുന്നു. ഗവൺമെന്റ് അംഗീകാരമുള്ള പ്രസ്തുത സ്കൂൾ അതിന്റെ അദ്ധ്യാപകരോടും കുട്ടികളോടും കൂടി ക്ലാരസഭയ്ക്ക് സൗജന്യമായി വിട്ടുതന്നു.സെന്റ് ആൻസ് വി.പി സ്കൂളായി അറിയപ്പെട്ടിരുന്ന പ്രസ്തുത സ്ഥാപനം അതിന്റെ സകല സാമഗ്രികളോടും കൂടി ലഭിച്ചതു മുതൽ
ക്ലാരസഭക്കാർ വിദ്യാഭ്യാസരംഗത്തേയ്ക്ക് ചുവടുവച്ചു. ഈ
ഔതാര്യത്തിനു മുൻകൈ എടുത്തത് ചെത്തിപ്പുഴ കൊവേന്തയിലെ അന്നത്തെ പ്രിയോർ ആയിരുന്ന ക.നി.മൂ.സ.ഗ്രിഗോറിയോസ് കരിക്കം പള്ളി അച്ചനായിരുനന്നു.പ്രിയോറച്ചനോടും ക്ലാരസഭയ്ക്ക് അളവറ്റ നന്ദിയുണ്ട്.

ഗ്രിഗോരിയോസ് കരിക്കം പള്ളി അച്ചന്റെ ഉത്തരവാദിത്വത്തിൽ 5 ക്ലാസുകൾ നടത്തത്തക്കവിധം ഒരു കെട്ടിടം പണികഴിപ്പിച്ചു. അതനു മേൽനോട്ടം വഹിച്ചത് കൊവേന്തിയുടെ നടത്തിപ്പുകാരനായിരുന്ന പാത്തിക്കൽ ഔസേപ്പച്ചൻ ആയിരുന്നു.ഉതാരമതികലായ നാട്ടുകാരുടേയും നിർലോഭമായ സഹായം അതിനായി.1913-ൽ രണ്ട് അധ്യാപകരോടും 49 കുട്ടികളോടുംകൂടി പ്രവർത്തനം ആരംഭിച്ച സെന്റെ ആൻസിന്റെ പ്രദമ അദ്യാപകൻ വാഴപ്പള്ളി താമരക്കുളത്ത് വേലായുദൻ പിള്ള സാറും ഒന്നാം അസിസ്റ്റന്റ് കുറുമ്പനാടം മുരിയൻകാവുങ്കൽ ആയിരുന്നു.ബ.മറിയം ക്ലാരമ്മ സംഗീത മിസ്ട്രസ്സും ആയി നിയമിതരായി. മഠത്തിന്റെ കപ്ലോൻ സ്ഥാനം വഹിച്ച ബ.ജേക്കബ് കല്ലറയ്ക്കൽ അച്ചനായിരുന്നു സ്കൂളിന്റെ പ്രധാന നടത്തിപ്പുകാരൻ.പിന്നീട് മൂന്നും നാലും ക്ലാസുകൾ മാനേജരച്ചന്റെ പരിശ്രമത്താൽ ആരംഭിക്കുകയും 1915-ൽ അത് 5-ാം ക്ലാസ് വരെ ആക്കുകയും ചെയ്തു.

1918-ൽ 100 അടി നീളത്തിൽ സ്കൂൾ കെട്ടിടം പുതുക്കി പണി കഴിപ്പിച്ചു.നാട്ടുകാരിൽ നിന്നുള്ള സഹായത്തോടെ പണികഴിപ്പിച്ച കെട്ടിടം അന്നത്തെ വികാരി ജനറാൾ ആയിരുന്ന കണ്ടങ്കരി പെരിയ ബഹു.സക്കറിയാസച്ചൻ വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു.1937-ൽ പ്രൈമറി സ്കൂൾ ഒരു മിഡിൽ സ്കൂളായി മാറി.അഭിവന്ദ്യ കാളാശ്ശേരി പിതാവിന്റെ ആഗ്രഹമനുസരിച്ച്,അന്നത്തെ കപ്ലോനായിരുന്ന ആലഞ്ചേരിൽ ബഹുമാനപ്പെട്ട ഈപ്പച്ചനാണ് നേതൃത്വം നൽകിയത്.

പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയ ക്ലാരസഭ കോറ്പ്പറേറ്റ് മാനേജ്മെന്റുമായി കൂടിയാലോചിച്ച് എസ്.ബി.ഹൈസ്കൂളിന്റെ ഗേൾസ് സെക്ഷനായി ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുവാൻ തീരുമാനിച്ചു.1960 ജൂൺ മാസത്തിൽ എസ്.ബി ഹൈസ്കൂൾ പെൺകുട്ടികൾക്കായി എട്ടാംക്ലാസ്സിൽ രണ്ടു ഡിവിഷനുകൾ സെന്റ് ആൻസിൽ തുടങ്ങി.ചങ്ങനാശ്ശേരി കോറ്പ്പറേറ്റ് മാനേജറ് റവ.ഫാ മാത്യു വയലുങ്കലിന്റേയും ക്ലാരസഭ അധികാരികളുടേയും പരിശ്രമം ഹൈസ്കൂൾ വിഭാഗത്തിന്റെ രൂപികരണത്തിനു പിന്നിലുണ്ട്.എസ്.ബി.ഹൈസ്കൂൾ ഹെഡ്മാസ്റ്റ്റ് കെ.ജെ മാത്യു സാറിന്റെ ആരംഭത്തിനും വളറ്ച്ചയ്ക്കും വളരെയധികം ഉപകരിച്ചു.

1968-ൽ എസ്.ബി.ഹൈസ്കൂൾ വനിതാ വിഭാഗം വിഭജിച്ച് സെന്റ് ആൻസ് ഹൈസ്കൂളാക്കി.സെന്റ് ആൻസ് യു.പി.സ്കൂളിനെ അതുവരെ സമറ്ത്ഥമായി നയിച്ചത് ബഹു.സെലസ്റ്റീനാമ്മയായിരുന്നു.ഇംഗ്ലീഷ്

ടീച്ചറ് എന്നറിയപ്പെട്ടിരുന്ന സെലസ്റ്റീനാമ്മയുടെ പ്രഗത്ഭമായ നേതൃത്വത്തിൽ സെന്റ് ആൻസ് യു.പി.സ്കൂൾ വളറ്ച്ചയുടെ പടവുകൾ പിന്നിട്ടുകൊണ്ടിരുന്നു.1947 മുതൽ 1968 വരെയുള്ള ഈ കാലഘട്ടം സെന്റ് ആൻസിന് ഒരിക്കലും വിസ്മരിക്കാൻ സാധിക്കില്ല.1968-ൽ ഹൈസ്കൂളായി ഉയറ്ന്നപ്പോൾ ബഹുമാനപ്പെട്ട ഗ്രാസിയാമ ഇൻചാറ്ജ്ജ് ആയി സ്ഥാനമേറ്റു.

1970-ൽ സെന്റ് ആൻസിൽ പത്താം ക്ലാസ് ആരംഭിച്ചപ്പോൾ ശ്രീമതി ഇന്ദിരാദേവി ഹെഡ്മിസ്ട്രസായി ചാറ്ജെജടുത്തു.സെന്റ് ആൻസ് സ്കൂളിന്റെ മധ്യഭാഗത്ത് ഇന്നു കാണുന്ന രണ്ടു നില കെട്ടിടം നിറ്മ്മിച്ചത് ഇക്കാലത്താണ് 8,9,10 ക്ലാസ്സുകൾക്ക് രണ്ടു ഡിവിഷൻ വീതമുണ്ടായിരുന്നു.1971-മാറ്ച്ചിൽ എസ്.എസ്.എൽ.സി. ഫസ്റ്റ് ബാച്ചിൽ 86 കുട്ടികൾ പരീക്ഷയെഴുതി മികച്ച വിജയം കൈവരിച്ചു.സ്കൂളിന്റെ ആരംഭം മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ സെന്റ് ആൻസിലുണ്ട്.ആദ്യ ബാച്ചിലെ ഉയറ്ന്ന മാറ്ക്ക് നേടിയത് കുമാരി ജയിൻ അന്നാ അലക്സാണ്ടറ് ആണ്.തുടറ്ന്നും എസ്.എസ്.എൽ.സിക്ക് മികച്ച വിജയവും റാങ്കുകളും നേടുവാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്.ഇന്നും ഉന്നതമായ വിജയത്തോടൊപ്പം മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങുവാൻ നമ്മുടെ കുട്ടികൾക്ക് കഴിയുന്നു.ഇന്ദിരാദേവി ടീച്ചറ് റിട്ടയറ് ചെയ്തശേഷം 84 മുതൽ 86 വരെ ശ്രീമതി .പി.ജെ.കൊച്ചുത്രേസ്യാ,86 മുതൽ 88 വരെ ബഹു.ഫ്ളാവിയാമ്മ,1988 മുതൽ 92 വരെ ബഹു.ഗ്രാസിയാമ്മ,92 മുതൽ 96 വരെ ബഹു.സിസറ്ററ് സൂസി മരിയ,96 മുതൽ 2000 വരെ സി.ആനി ജോസഫ്,2000 മുതൽ 2002 വരെ സി.ആലീസ് എന്നിവറ് സെന്റ് ആൻസ് സ്കൂളിനെ നയിച്ചു.2002 മുതൽ സി.ആൻസില്ലയാണ് ഹെഡ്മിസ്ട്രസ്. ഇതിനിടയിൽ 2009-2010 ൽ സിസ്റ്ററ് ആൻസിറ്റ എഫ്.സി.സി.ഒരു വറ്ഷം സെന്റ് ആൻസിന്റെ ഹെഡ്മിസ്ട്രസ്സായി സേവനമനുഷ്ഠിച്ചു.

സെന്റ് ആൻസിന്റെ നവതിയോട് അനുബന്ധിച്ച് പഴയ ഹാൾ പൊളിച്ച് വിശാലമായ ഒരു ഓഡിറ്റോറിയവും 12 ക്ലാസ് മുറികളും  പണികഴിപ്പിച്ചു.അധ്യാപകരുടേയും നാട്ടുകാരുടേയും  നിറ് ലോഭമായ സഹായം ലഭിച്ചു.നവതിയോട് അനുബന്ധിച്ച് 'ആൻസ് ലൂമൻ' എന്ന പേരിൽ ഒരു സ്മരണികയും പ്രകാശനം ചെയ്തു.നവതി സ്മാരകമായി സ്കൂളിനു മുമ്പിൽ കുരുശടി സ്ഥാപിച്ചു.കുട്ടികളുടെ കമ്പ്യൂട്ടറ് പഠനത്തിന് അനുയോജ്യമായ വിധത്തിൽ രണ്ടു കമ്പ്യൂട്ടറ് ലാബുകൾ സജ്ജമാക്കി.കുട്ടികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുവാൻ ഒരു സ്കൂൾ ബസ്സ് വാങ്ങിച്ചു.

2002 ആഗസ്റ്റ് 5 മുതൽ ഒരു അൺഎയ്ഡഡ് ഹയറ് സെക്കന്ററി സ്കൂള് ഇവിടെ പ്രവറ്ത്തിച്ച് വരുന്നു.2002 മുതൽ 2011 വരെ സി.ആൻസില്ല FCC ആയിരുന്നു പ്രിൻസിപ്പിലിന്റെ ഉത്തരവാദിത്വം നിറ് വഹിച്ചത്.2011 മെയ് മുതൽ സി.റ്റെസി മരിയ FCC പ്രിൻസിപ്പിൽ സ്ഥാനം വഹിക്കുന്നു.ഇവിടെയുള്ള സയൻസ് ബാച്ചിന് ഓരോ വറ്ഷവും മികച്ച വിജയം നേടുവാൻ സാധിക്കുന്നുണ്ട്.

2012 ജനുവരി മുതൽ 2013 ജനുവരി വരെ നീണ്ടു നിന്ന ശതാബ്ത്തി ആഘോഷ പരിപാടികൾ പൗഢഗംഭീരമായിരുന്നു.2012 ജനുവരി  20 ന് കേന്ദ്രമന്ത്രി പ്രൊഫ.കെ.വി.തോമസ് തിരിതെളിച്ച് ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.അഭിവന്ദ്യ മാറ് ജോസഫ് പെരുന്തോട്ടം പിതാവ് അധ്യക്ഷതവഹിച സമ്മേലനത്തിൽ സമൂഹത്തിലെ വിവിധ തുറകളിൽ നിന്നുള്ള ഉന്നതാധിതകാരികൾ സബന്ധിച്ചു വറ്ണ്ണശബളമായ വിളംബരഘോഷയാത്രയ്യു സൈക്കിൾ റാലിയും ശതാബ്ദി ആഘോഷങ്ങൾക്ക് മുന്നൊടിയായി നടന്നു.പൂറ് വ അധ്യാപക-വിദ്യാറ്ത്ഥി സംഗം ആദ്യമായി സെന്റ് ആൻസിന്റെ ശതാബ്ദിയോട് അനുബന്ധിച്ചാണ് സെന്റ് ആൻസിന്റെ പ്രഥമ അലൂമ്നി അസോസിയേഷൻ പ്രസിഡന്റ് അഡ്വ.ടോമി കണയംപ്ലാക്കലും,സെകട്ടറി ശ്രി ജോസുകുട്ടി കുട്ടംപേരൂരും,വൈസ് പ്രസി.ശ്രീമതി ജാൻസിമോൾ അഗസ്റ്റിനും,അസി.സെക്രട്ടറി.ശ്രീമതി ജെസ്സിമോൾ കെ. ജോസഫും ആയിരുന്നു.

ശതാബ്ദി സ്മാരകമായി ഓൾ കേരള ഇന്ററ് സ്കൂൾ ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു.ബോസ്റ്റ് ടീമിന് മദർ

മാവൂത്രസ് മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും നൽകി.രണ്ടാം സമ്മാനം ലഭിച്ച ടീമിന് കെ.എം.ആന്റണി കൂട്ടംപേരൂർ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും മൂന്നാം ലഭിച്ചവർക്ക് നെടുമ്പറമ്പിൽ ഏലിയാമ്മ ചാക്കോ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും നൽകി.

കേരളത്തിലെ പ്രസിദ്ധരായ ക്ലാസിക് കലാകാരന്മാർ അവതരിപ്പിച്ച കഥകളി,ചാക്യാർ കൂത്ത്,തുള്ളൽ തുടങ്ങിവയുടെ പാഠാവതരണവും ദൃശ്യവിഷ്കരണവും നടന്നു.ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജ് മലയാളവിഭാഗത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ഈ കലാമേള സെന്റ് ആൻസിന്റെ ചരിത്രത്തിൽ മറ്റെന്തിനേക്കാളും അഭിമാനിക്കാൻ വകനൽകി.കുട്ടികൾക്കിത് വളരെ പ്രയോജനപ്രദവും ആസ്വാദ്യകരവുമായ അനുഭവമായിരുന്നു.

ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ വനിതാ ശാക്തീകരണസെമിനാർ,ഫിലിം ഫെസ്റ്റിവൽ എന്നിവ എടുത്തുപറയേണ്ടതുണ്ട്. ശതാബ്ദി സ്മാരകമായി സ്കൂളിന്റെ പടിഞ്ഞാറുഭാഗത്തുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിച്ചു.അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ശില വെഞ്ചരിച്ചു.

2013-ജനവരി 31-ന് ശതാബ്ദി ആഘോഷസമാപന സമ്മേളനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഒരു ചെറിയ ചെടിയായി മൊട്ടിട്ടു വളർന്ന സെന്റ് ആൻസ് എൽ. പി സ്കൂൾ 100 വർഷം കൊണ്ട് പടർന്ന്പന്തലിച്ച് അനേകായിരങ്ങൾക്ക് അഭയവും ആശ്വാസവും പകരുന്ന ഒരു വലിയ വടവൃക്ഷമായി പരിലസിക്കുന്നു.

## നിശാഗന്ധി....

നിശാതൻ സൗന്ദര്യമാകുന്ന പൂവേ
നിനക്കീ വെണ്മയോലും സുഗന്ധം
ആരുതുറന്നു...
രാത്രിയെ സ്നേഹിച്ച നിശാഗന്ധി
നീയൊരു ദേവസ്ത്രീയാകാത്തതെന്തുകൊണ്ട്
നിൻവെണ്മകണ്ട് ഞാൻ സംശയിക്കുന്നു
നിൻ അമ്മയാണോനിലാവെന്ന്
നിൻ ചൈത്രമാം മുഖബിംബംമൂലം
രാത്രി എത്ര മനോഹരി.......



## പ്രപഞ്ചം

കല്ലിലും മണ്ണിലും ഇലയിലും പൂവിലും
നീ ഒളിച്ചുവച്ച സത്യം ഗ്രഹിക്കാൻനസ്സുണർത്തുക.
എന്നലെ സ്വാർഥതയാകുന്ന ശത്രുവിനെ
കീഴടക്കാൻ വേണ്ട ഉൾക്കരുത്ത് തരുക
നിന്നില് മാത്രം കണ്ണുറപ്പിച്ച് ഞാൻ നീങ്ങട്ടെ
അവസാന ശ്വാസം എന്നെ വിട്ടുപിരിയുംബോൾ
കടലില് താഴുന്ന  അസ്തമയാർക്കനെപ്പോലെ
എന്റെ ആത്മാവ് നിന്നിൽ ലയിക്കട്ടെ



## ജീവിതം

ഇടയ്ക്കൊന്ന് കരയണം
എങ്കിലേ പുഞ്ചിരിക്ക് എത്ര
വിലയുണ്ടെന്നറിയൂ....
ഇടയ്ക്ക് നഷ്ടമെന്തന്നറിണം
എങ്കിലേ നഷ്ടപ്പെടുന്നത്
നമ്മുടെ ജീവിതത്തിലെ എത്ര
വിലപ്പെട്ടതാണന്ന് മനസ്സിലാക്കു
അല്ലെങ്കില് സ്നേഹവും ഒരു
കാപട്യമായി മാറും.....
കാരണം,കുറ്റങ്ങളും കുറവുകളുമില്ലാത്ത
മനുഷ്യനില്ല. അതു
ഇടയ്ക്കിടെ ഓർമ്മപ്പെടുത്തുമ്പോഴാണ്
മനുഷ്യൻ മനുഷ്യനാകുന്നതും
ജീവിതം ജീവിതമാകുന്നതും





## ശാസ്ത്ര പ്രശ്നോത്തരി



1. ഭൂമിയില് ഏറ്റവും ഉയരം കൂടിയ സ്ഥലം?

2. കുഷ്ഠരോഗത്തിന് കാരണമായ ബാക്ടീരയ?കണ്ടെത്തിയ ശാസ്ത്രജ്ഞൻ

3. നവജാത ശിശു ആദ്യമായി ശ്വസിക്കുന്നതെപ്പോൾ

4. മനുഷ്യശരീരത്തിലെ ചുവന്ന രക്തകോശത്തിന്റെ ആയുസെത്ര

5. പ്രാഥമിക നിറങ്ങൾ ഏതോക്കെ

6. സാധാരണ ഉപയോഗിക്കുന്ന എലിവിഷത്തിലടങ്ങിയിരിക്കുന്ന രാസ്തവസ്തു



### ഉത്തരം

1. എവറസ്റ്റ് കൊടുമുടിയുടെ അഗ്രം

2. മൈക്രോ ബാക്ടീരിയം ലെപ്രേ,ജി.ആർ.ഹാൻസണ്

3. കരയുവാൻ തുടങ്ങുബോൾ

4. 120 ദിവസം

5. ചുവപ്പ്,പച്ച,നീല

6. സിക്ൻ ഫോസ്സൈഡ്

## അമ്മ മലയാളം...

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന  പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലെയോ
സമ്മേളിച്ചീടുന്നതൊന്നാമതായി
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന്ന പെറ്റമ്മ തൻ ഭാഷതാൻ"



## ദൈവത്തിൻെറ സ്വന്തം നാടായ കേരളം



സഹ്യപർവതത്തിനും അറബിക്കടലനും ഇടയിലാണ്.
ഈ നാടിന്റെ മാതൃഭാഷയാണ് മലയാളം.
സംസ്കൃതം,തമിഴ്,തെലുങ്ക് എന്നീ ഭാഷകളെപ്പോലെ
വ്യക്തിത്ത്വവും മൂല്യവുമാർന്ന മലയാള ഭാഷയെ വെല്ലുവാൻ
ലോകത്തില് മറ്റൊരു ഭാഷയ്ക്കും സാധിക്കില്ല.
നാം നമ്മുടെ മലയാള ഭാഷയെ സ്നേഹിക്കണം.


## അമ്മയും കുഞ്ഞും..



പുലർകാലത്തിലെ  തണുത്ത
സ്വപ്നമാണു   നീയെനിക്കെന്നും...
ധനുമാസകാലത്തെ
കുളിർക്കാറ്റു  പോലെയെൻ
മുഖം നനുത്ത നിൻ
സ്പർശത്താൽ  തലോട്ടും പോൽ
എനിക്കെന്നുമെൻ ഉൾക്കാഴ്ചകളിൽ
ഓടിക്കളിക്കുന്ന
നിൻ  പിഞ്ചു കാലടി ഞാൻ
ഒരുപാട് കണ്ടിരുന്നു
ഒരുവേള നിൻ കിളികൊഞ്ചൽ
എൻകാതിൽമുഴങ്ങുമ്പോൾ
തിരിഞ്ഞു ഞാൻ എവിടെ നീയെന്നു
വെറുതെ തിരഞ്ഞീടുന്നു
മതിയായില്ലേ എൻ കൺമണി..
എന്നെ  ഇവ്വിധം കളിപ്പിച്ചതിനിയും
എന്ന് ചോദിക്കാനാഞ്ഞു പിന്നെയും
നേരം  പുലർന്നപ്പോല് ആ

## ഗാന്ധിജി

നമുക്കുണ്ടൊരു  മുത്തച്ഛൻ
പല്ലില്ലാത്തൊരു  മുത്തച്ഛൻ
നമ്മുടെ  നാടിന് സ്വാതന്ത്ര്യം
നേടിത്തന്നൊരു മുത്തച്ഛൻ
അടിയും പിടിയും കൂടാതെ
അടിപിടി കൂടാൻ പോകാതെ
അടിമ ചങ്ങല  പൊട്ടിക്കാൻ
പാടുപെട്ടൊരു മുത്തച്ഛൻ
നമ്മുടെ സ്വന്തം മുത്തച്ഛൻ
ഗാന്ധിജി  എന്നൊരു മുത്തച്ഛൻ.........



## അലക്സാൻഡ്രയുടെ കഥ

അമേരിക്കയിലെ കണക്റ്റിക്കട്ടിൽ ആയിരുന്നു അലക്സാൻഡ്ര ജനിച്ചത്. അമ്മേ എന്നു വിളിച്ചു തുടങ്ങും മുൻപ്  അവൾക്ക് കാൻസർ രോഗം പിടിപെട്ടു. രോഗത്തിനൊപ്പമായിരുന്നു അവളുടെ  വളർച്ചയും. എന്നാൽ, തന്നെപ്പോലെ രോഗ ബാധിതരായ കുട്ടികളെ സാമ്പത്തികമായിസഹായിക്കണമെന്നായിരുന്നു അവളുടെ തീരുമാനം. അങ്ങനെ അലക്സാൻഡ്രയും ചേട്ടനും കൂടി ലെമൺജ്യൂസ് വിൽക്കുന്ന ഒരു കട തുടങ്ങി. കട വമ്പൻ ലാഭത്തിലായി. സമ്പാദ്യത്തിൽ നിന്നും കാൻസർ ഗവേഷണ പ്രവർത്തനങ്ങൾക്കായി ഒരു മില്യൺ ഡോളർ തുക സംഭാവന നൽകാൻ അവൾക്കു കഴിഞ്ഞു.



ജീവിതത്തോട് എട്ടാം വയസ്സിൽ വിടപറയും വരെ അവൾ തന്റെ ജോലിതുടർന്നു. പ്രതിസന്ധികളും വെല്ലുവിളികളും എല്ലാവരുടെ  ജീവിതത്തിലും ഉണ്ടാകും.അവരവരുടെ പരിമിതികൾക്കിടയിൽ നിന്നുകൊണ്ട് മറ്റുള്ളവരെ സഹായിക്കുക അതുമാത്രമാണ് ഓരോരുത്തർക്കും ചെയ്യാനാകുന്ന കാര്യം. അതിന്റെ തെളിവാണ് അലക്സാൻഡ്ര.



## മഴ തകർത്ത എന്റെ നഗരം


കടുകുമണികൾ വാരിയെറിഞ്ഞ
കൂട്ടുകാരിയല്ലാ മഴയെനിക്ക്
എന്റെ നാട്ടും വീട്ടും വെള്ളത്തിലാക്കിയ
കണ്ണീരിൽ നനവുകൾ ഹൃദയത്തിലെത്തുന്ന
മഹാമാരിയായി മഴ തിമിർത്താടുന്നു.

എൻ മഹാനഗരമേ നിന്നേ
കാണാൻ എനിക്ക് പേടി തോന്നുന്നു
തുലാവർഷം കഴിഞ്ഞെത്തിയ
മഹാദുരന്തത്തിൽ വേദനയായി മഴ

കുളിരായി മാറേണ്ടിയ മഴ
മഹാ ദുരിതമായി മാറി
എൻ സോദരങ്ങൾക്ക്
ഒരിക്കലും മാറാത്ത വിലാപമായി മാറി
പ്രകൃതി വിരഹമൊഴുക്കുന്ന മഴയ്ക്ക്
അറുതിയായെത്തുന്ന വേനൽ
സാന്ത്വനമായി ഓടിയെത്തിയെൻ
അരികിലെത്തിയ അയൽനാട്ടിലെ സോദരങ്ങൾ



## ചോദ്യങ്ങളും ഉത്തരങ്ങളും



1. ഭാരതത്തിൽ ആദ്യമായി നോബൽ സമ്മാനം ലഭിച്ചത് ആർക്ക് ?
   ഡോ.രവീന്ദ്രനാഥ ടാഗോർ

2. ലോകത്തിലെ ഏറ്റവും വലിയ ഭൂഖണ്ഡം?
   ഏഷ്യ



3. ഇന്ത്യയിലെ ഏറ്റവും ഉയർന്ന നീതിപീഠം?
   സുപ്രീം കോടതി

4. കറുത്ത സ്വർണം എന്നറിയപ്പെടുന്നത് ?
   കുരുമുളക്

5. എവറസ്റ്റ് കീഴടക്കിയ ആദ്യ വനിത ?
   ജുങ്കോതാംബൈ



6. ദേശീയ പതാക അംഗീകരിച്ചതെന്ന് ?
   1945 ജൂലൈ 22

7. വിശ്വഭാരതിയുടെ പഴയകാലത്തെ പേരെന്തായിരുന്നു ?
   ശാന്തിനികേതൻ



# ഗുരുവന്ദനം

## ശ്രീമതി മരീനാമ്മ മാത്യു (ഹെഡ്മിസ്ട്രസ്)

ശാന്തതയും ശാലീനതയും
കോർത്തിണക്കിയസ്നേഹസാമീപ്യം...
കേൾക്കാനും കരുതാനും സന്നദ്ധമാകുന്ന നേതൃപാടവം...
ആർദ്രഹൃദയത്തികവിൽ അദ്ധ്യാപകരെ, മാതാപിതാക്കളെ
ചേർത്തുവച്ച ഞങ്ങളുടെ പ്രിയപ്പെട്ട
പ്രധാനാധ്യാപികയ്ക്ക് യാത്രാമംഗളങ്ങൾ....



## റെജിചെറിയാൻ (സീനിയർ അസിസ്റ്റന്റ് & എച്ച്.എസ്.എ. ഹിന്ദി)

മനനത്തിലേക്കുനയിക്കുന്ന മൗനത്തിന്റെ നിറപുഞ്ചിരി...
പുറമോടിയില്ലാത്തസൗഹൃദത്തിന്റെ സ്വച്ഛസാമീപ്യം.....
ശബ്ദങ്ങളുടെ ലോകത്ത് നിശബ്ദത തീർത്ത് ജ്ഞാനത്തിന്റെ
മുത്തുകൾ കണ്ടെത്തി വിതറുന്ന അധ്യാപനശൈലി പങ്കിട്ട
റെജി ടീച്ചറിന് സെന്റ് ആൻസ് സഹോദരങ്ങളുടെയും
മക്കളുടെയും യാത്രാആശംസകൾ......



## സി. ലിസ എഫ്.സി.സി (എൽ.പി.എസ്.എ)

സംതൃപ്തമായ സന്യാസജീവിതത്തിന്റെ മുഖപ്രസാദം.....
സാഹോദര്യത്തിന്റെ ഊഷ്മളത പകരുന്ന സൗഹൃദം.....
അധ്യാപക സഹോദരങ്ങൾക്കും കുട്ടികൾക്കും
പ്രിയങ്കരിയായ ലിസാമ്മയ്ക്ക് സെന്റ് ആൻസ്
കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ....



## വേർപിരിയൽ...

രേണുകേ നീ രാഗരേണു
കിനാവിന്റെ  നീലക്കടമ്പിൻ
പരാഗരേണു പിരിയുമ്പോ –
 ഴേന്തേ നനഞ്ഞക്കൊ –
 മ്പിൽ നിന്നും നിലതെറ്റി
വീണ രണ്ടിലകൾ നമ്മൾ



രേണുകേ നാം രണ്ടു
മേഘശകലങ്ങൾ  അകലേ –
യ്ക്കു മറയുന്ന ക്ഷണഭംഗികൾ
മഴവില്ല് താഴെ വീണ്
ഉടയുന്ന മാനത്ത് വിരഹ –
 മേഘ  ശ്യാമഘനഭംഗികൾ
രേണുകേ   നാം  രണ്ടു
നിഴലുകൾ  അകലേയ്ക്കു
മറയുന്ന ക്ഷണഭംഗികൾ

- ശ്രീ മുരുകൻ കാട്ടാക്കട

## വയലാർ...

ചേർത്തലനിന്നും കാറിലിരുത്തി
ചേപ്പാട്ടേക്കു ഗമിക്കെ
കാവിയുടുത്തസ്സായം സന്ധ്യ
കടലിന്നക്കരെ നില്ക്കെ
മുട്ടിയുരുമ്മിയിരുന്നു ഞങ്ങൾ
മുത്തുചിപ്പികൾ പോലെ
പലതും ചൊല്ലി വയലാർ
എന്നിൽ പനിനീർ പൂക്കൾ വിരിഞ്ഞു.
കാട്ടിത്തന്നൂ ചിരപരിചിതരെ,
കാറിൽപ്പോകുന്നവരെ !
കാട്ടിത്തന്നൂ പല്ലനയാറ്റിൽ
ബോട്ടുമറിഞ്ഞൊരിടത്തെ
ആശ്ലേഷിക്കുന്നെൻ മനമിന്നാ
അസുലഭസന്ദർഭത്തെ.



**മുതുകുളം ഗംഗാധരൻപിള്ള**

## കുഞ്ഞുണ്ണിക്കവിത...

കലയിൽ ലയമുണ്ടാം
കലയിൽ ലയമില്ല
അന്നിത്തിരിയിന്നിത്തിരി
നാളേമിത്തി –
യെന്നും പുത്തരി
ജീവിതമെന്നും പൂത്തിരി
ഭക്തിയേറണം
ഭുക്തികുറയണം
മുക്തി കിട്ടണം
ഒഴിച്ചുപരത്തി മറിച്ചിട്ടു ചുട്ടാൽ ദോശ
ഉരുട്ടിപരത്തി മറിച്ചിട്ടു ചുട്ടാൽ പത്തിരി
കണ്ടാലും കണ്ടാലും ചെടിക്കാത്തതാണ്
ചെടിയുടെ സൗന്ദര്യം .
കുന്നും മലയും ഭൂമിയുടെ അണികളാണ്
അതിനാലവ തകർക്കരുത്
തകർത്താൽ ഭൂകമ്പമുണ്ടായേക്കാം




# മതിലേരിക്കന്നി

സമ്പാദനം : ടി.എച്ച്. കുഞ്ഞിരാമൻനമ്പ്യാർ

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി
''കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാട്ടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ! വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനുണ്ടീയേഴ്ടട്ട് മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ!
പതിനേഴും കോപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്തോഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ
നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ
നാട്ടുവാഴീരുന്നാലേ ഞാനിരിക്കു
നാളത്തേ പുല്ലപുതലരും കാലം
വേണാട് പൂങ്കൊയിലോം പോണെനിക്ക്
തിരുവെഴുത്താലോലാതുകാണുന്നേരം
കൈമെയ്യിറക്കവും വന്നെനിക്ക്
മെയ്യെല്ലം കണ്ണായിത്തോന്ന്യെനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്യു താപൂട്ടി വന്നോളാലോ.''

## സൂത്രക്കാരൻ കുറുക്കൻ

ഒരിടത്ത് ഒരിടത്ത് ഒരു കുറുക്കൻ ഉണ്ടായിരുന്നു. ജിക്കു എന്നായിരുന്നു അവന്റെ പേര്. ഒരു ദിവസം സൂത്രക്കാരനായ ജിക്കു ഭക്ഷണം തേടി രാവിലെ മുതൽ നടക്കുകയായിരുന്നു.വൈകുന്നേരം വരെ അന്വഷിച്ചിട്ടും അവന് ഭക്ഷണമൊന്നും കിട്ടിയില്ല. അവസാനം ഒരു ലൂബി മരത്തിൽ ചിപ്പി എന്ന കാക്ക ഒരു അപ്പക്കഷണം കൊണ്ടിരിക്കുന്നത് ജിക്കു കണ്ടു. ജിക്കു പറഞ്ഞു: നീ നല്ല പാട്ടുകാരിയാണെന്ന് കേട്ടു.



# ചങ്ങനാശ്ശേരിയുടെ ചരിത്രവും പാരമ്പര്യവും

പുരാതന തിരുവിതാംകൂറിലെ ഭരണപ്രവിശ്യയായിരുന്ന ചങ്ങനാശ്ശേരി. സാമൂഹിക–സാംസ്കാരിക–വാണിജ്യ–വിദ്യാഭ്യാസ–ആധ്യാത്മികരംഗങ്ങളിൽ നൽകിയ സംഭാവന ചങ്ങനാശ്ശേരിയെ കേരളചരിത്ര പ്രഥമസ്ഥാനത്തു പരിഗണിക്കുന്നു.

കുലശേഖരരാജാക്കന്മാരുടെ പതനത്തിനുശേഷം രൂപംകൊണ്ടവെമ്പലനാട് രണ്ടായിപ്പിരിഞ്ഞതാണ് തെക്കുംകൂറും വടക്കുംകൂറും.
തെക്കുംകൂർ രാജാക്കന്മാരുടെ കൊട്ടാരങ്ങളിൽ ഒന്നായിരുന്നു ചങ്ങനാശ്ശേരിയിലെ നീരാഴിക്കൊട്ടാരം. ശങ്കനാരുടെ ചേരി ,തെങ്ങണാചേരി ,സംഗനാട്ടു ചേരി ,ചങ്ങഴിനാഴൂരിചേരി ,ശംഖനാദചേരി എന്നിവയിൽ ചങ്ങനാശ്ശേരിയുടെ പൂർവരൂപം അന്വേഷിക്കുന്ന പ്രാദേശികചരിത്രകകാരന്മാർ അനവധിയാണ് .

**ചങ്ങനാശ്ശേരിയുടെ അഭിവൃദ്ധി ആരംഭിക്കുന്നത് തെക്കുംകൂർ രാജാക്കന്മാരുടെ കാലത്താണ് . മാർത്താണ്ഡവർമ്മ 1749–ൽ ചങ്ങനാശ്ശേരിയുൾപ്പെടെ തെക്കുംകൂർ മുഴുവൻ തിരുവിതാംകൂറിനോട് ചേർക്കുകയാണുണ്ടായത്. ചങ്ങനാശ്ശേരി ലക്ഷ്മിപുരം രാജവംശം .ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മലബാറിൽ നിന്നും തിരുവതാംകൂറിൽ അഭയം പ്രാപിച്ച ബേപ്പൂർ അലിയാക്കോട്ട് കോവിലകക്കാരാണ്. ഇവരെ തിരുവതാംകൂർ രാജാവ് നീരാഴി കൊട്ടാരത്തിൽ താമസിപ്പിച്ചു . ഈ കൊട്ടാരത്തിലെ രാജരാജവർമ്മ തിരുവതാംകൂർ രാജകുടുംബത്തിലെ ലക്ഷ്മിഭായിത്തമ്പുരാട്ടിയെ വിവാഹം കഴിച്ചു . റാണിലക്ഷ്മിഭായി 1812 –ൽ ചങ്ങനാശ്ശേരിയിൽ പണികഴിപ്പിച്ചതാണ് ലക്ഷ്മിപുരം കൊട്ടാരം.**



**രാജരാജവർമ്മ–റാണി ലക്ഷ്മിഭായി ദമ്പതിമാരുടെ പുത്രനാണ് സ്വാതിതിരുനാൾ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, സാഹിത്യാസാർവ്വഭൗമൻ എ.ആർ. രാജരാജവർമ്മ , എൽ.എ. രവിവർമ്മ , വാഗ്ഭടൻ, സംഗീതജ്ഞൻ എൽ.പി.ആർ വർമ്മ തുടങ്ങിയവർ ലക്ഷ്മീപുരം കൊട്ടാരത്തിന്റെ സന്തതിളാണ്.കൊട്ടാരത്തിലെ കാര്യസ്ഥനായിരുന്നസുബ്രഹ്മണ്യഅയ്യരുടെ പുത്രനാണ് മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യർ. ഉള്ളൂർ ജനിച്ചത് പെരുന്ന താമരശ്ശേരി ഇല്ലത്താണ്.**
**മതമൈത്രിക്ക് പേരുകേട്ട സ്ഥലമാണ് ചങ്ങനാശ്ശേരി. തെക്കുംകൂർ രാജാക്കന്മാർ മതസഹിഷ്ണുതയുള്ളവരായിരുന്നു. ക്രിസ്തുമസ് ചന്ദനക്കുടം ചിറപ്പ് മഹോത്സവങ്ങൾ നാടിന്റെ സൗഹൃദമുദ്രകളാണ്.**

**പുരാതന വ്യാപാരകേന്ദ്രം എന്ന നിലയിൽ ചങ്ങനാശ്ശേരിച്ചന്ത പ്രസിദ്ധമാണ്. വിദ്യാഭ്യാസ കേന്ദ്രമെന്ന നിലയിലും ചങ്ങനാശ്ശോരി പ്രസിദ്ധമാണ്. മുദ്രണാലയങ്ങളും വായനശാലകളും പ്രസിദ്ധീകരണങ്ങളും സാമൂഹികസാംസ്കാരിക സംഘടനകളും കലാകായിക സാഹിത്യ ക്ലബ്ബുകളും ഒരു നൂറ്റാണ്ടുമുന്പുതന്നെ ചങ്ങനാശ്ശേരിയിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. ചരിത്രത്തിലും വർത്തമാനത്തിലും ഉജ്ജ്വലശോഭയോടെ പരിലസിക്കുന്ന ഈ ദേശത്തെക്കുറിച്ചുള്ള ഓർമ്മകൾ ദേശക്കാരുടെ പാരമ്പര്യബോധത്തിന്റെ പ്രകാശനം കൂടിയാണ്.**

# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്

2018-ജ്യൂൺ -30-ാം തീയതി ഞങ്ങളുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം ആരംഭിച്ചു . ആരംഭത്തിലെ അഡ്മിഷൻ ടെസ്റ്റിൽ 36 വിദ്യാർഥികളെ തിരഞ്ഞെടുത്തു.എല്ലാ ബുധനാഴ്ച്ചകളിലും ഒരു മണിക്കൂർ ക്ലാസ് നടത്തും. സിസ്റ്റം സെറ്റിങ്,ആനിമേഷൻ എന്നിവ പഠിപ്പിച്ചു.തുടർന്ന് ആനിമേഷന്റെ പല മേഖലകൾ പഠിച്ചു [ഫ്രേം മോഡ്, സ്റ്റാറ്റിക്ക് മോഡ്,ഡൈനാമിക്ക് മോഡ്].തുടർച്ചയായ പരിശീലനത്തിനുശേഷം 8 വിദ്യാർഥികളെ ആദ്യക്യാമ്പിൽ തിരഞ്ഞെടുത്തു.  അതിൽ 3D title,index,blender എന്നിവ പരിശീലിപ്പിച്ചു.ആ ക്യാമ്പിൽ നിന്നും ഞങ്ങളുടെ സ്കൂളിൽ നിന്നും 2 വിദ്യാർഥികളെ ജില്ലാക്യാമ്പിലേയ്ക്കു തിരഞ്ഞെടുത്തു . ശേഷം ക്യാമറ പരിശീലനത്തിനായി 4 വിദ്യാർഥികളെ തിരഞ്ഞെടുത്തു.    ഈ മേഖലയിലൂടെ വിദ്യാർഥികൾക്ക് ഐ.ടി മേഖലയിൽ കൂടുതൽ അറിവുനേടാൻ സാധിച്ചു.



## വിട

ജനിക്കുന്ന മനുഷ്യനു
മരിക്കാൻ ദു:ഖം
വിടരുന്ന പൂവിന്
വാടാൻ ദു:ഖം
വാടുന്ന പൂവിന്
കൊഴിയാൻ ദു:ഖം
കൊഴിയുന്ന പൂവിന്
മണ്ണിലലിയാൻ ദു:ഖം
എനിക്കോ ഈ
വിദ്യായംബയെ
പിരിയാൻ ദു:ഖം
അകലാൻ ദു:ഖം

പവിത്ര അനിൽ കുമാർ **9 - A**

